**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3348** **01-03-2023 - ൽ മറുപടിയ്ക്ക്**

**മൂന്നാറിലെ പട്ടയ പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാറിലെ പട്ടയ പ്രശ്നത്തിന്മേൽ പതിനാലാം കേരളനിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1021-ന് 28.04.2017-ന് നൽകിയ മറുപടിക്കു ശേഷം ആയതിന്മേൽ പുതുക്കിയ മറുപടി റവന്യൂ വകുപ്പ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | പുതുക്കിയ മറുപടി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.<br><br>അധിക വിവരം കൂടി ചേർത്ത് പുതുക്കിയ മറുപടി 26/02/2018ലെ എ2/62/2017/റവ നമ്പർ കത്ത് പ്രകാരം നിയമസഭയ്ക്ക് സമർപ്പിക്കുകയും അതിന്റെ പകർപ്പ് അറിവിലേയ്ക്കായി റവന്യൂ (പി.എസ്) വകുപ്പിന് നൽകുകയും ചെയ്തിരുന്നു. ടി നിയമസഭാ ചോദ്യത്തിന് റവന്യൂ (എ) വകുപ്പിൽ നിന്നും അന്തിമ മറുപടി തയ്യാറാക്കി നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുള്ളതിനാൽ മേൽ കത്തിന്മേൽ റവന്യൂ (പി.എസ്) വകുപ്പിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ചോദ്യത്തിന് വകുപ്പ് പുതുക്കിയ മറുപടി സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പുതുക്കിയ മറുപടി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.<br><br>അധിക വിവരം കൂടി ചേർത്ത് പുതുക്കിയ മറുപടി 26/02/2018ലെ എ2/62/2017/റവ നമ്പർ കത്ത് പ്രകാരം നിയമസഭയ്ക്ക് സമർപ്പിക്കുകയും അതിന്റെ പകർപ്പ് അറിവിലേയ്ക്കായി റവന്യൂ (പി.എസ്) വകുപ്പിന് നൽകുകയും ചെയ്തിരുന്നു. ടി നിയമസഭാ ചോദ്യത്തിന് റവന്യൂ (എ) വകുപ്പിൽ നിന്നും അന്തിമ മറുപടി തയ്യാറാക്കി നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുള്ളതിനാൽ മേൽ കത്തിന്മേൽ റവന്യൂ (പി.എസ്) വകുപ്പിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ചോദ്യത്തിന് പുതുക്കിയ മറുപടി സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട റവന്യൂ (എ) വകുപ്പിന്റെ 28.02.2018-ലെ എ2/62/2017/റവ നമ്പർ കത്തിന്മേൽ റവന്യൂ(പി.എസ്)വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; പ്രസ്തുത കത്ത് പ്രകാരം മറുപടി സമർപ്പിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | (സി) | പുതുക്കിയ മറുപടി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.<br><br>അധിക വിവരം കൂടി ചേർത്ത് പുതുക്കിയ മറുപടി 26/02/2018ലെ എ2/62/2017/റവ നമ്പർ കത്ത് പ്രകാരം നിയമസഭയ്ക്ക് സമർപ്പിക്കുകയും അതിന്റെ പകർപ്പ് അറിവിലേയ്ക്കായി റവന്യൂ (പി.എസ്) |

| | | | |
|---|---|---|---|
| | | | വകുപ്പിന് നൽകുകയും ചെയ്തിരുന്നു. ടി നിയമസഭാ ചോദ്യത്തിന് റവന്യൂ (എ) വകുപ്പിൽ നിന്നും അന്തിമ മറുപടി തയ്യാറാക്കി നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുള്ളതിനാൽ മേൽ കത്തിന്മേൽ റവന്യൂ (പി.എസ്) വകുപ്പിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1021 28.04.2017 ൽ മറുപടിയ്ക്ക്

## മൂന്നാറിൽ വ്യാജ പട്ടയങ്ങൾ

**ചോദ്യം**
**ശ്രീ.പി.സി. ജോർജ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാറിൽ വ്യാജ പട്ടയങ്ങൾ എന്ന ആരോപണം ഉയർന്ന കേസുകളിൽ വിട്ടുവീഴ്ച ഇല്ലാതെ പരിശോധന നടത്തി വ്യാജ പട്ടയങ്ങൾ കണ്ടുപിടിയ്ക്കാൻ നടപടികൾ സ്വീകരിയ്ക്കുമോ; | (എ) റവന്യൂ വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ, ക്രൈംബ്രാഞ്ച് എന്നീ വകുപ്പുകൾ മുഖേന അന്വഷണം നടന്നുവരുന്നു. വ്യാജമെന്ന് കണ്ടെത്തിയ പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി ഒരു ഉന്നതതല റവന്യൂ പോലീസ് സ്ക്വാഡ് രൂപീകരിച്ച് സത്യസന്ധമായ അന്വേഷണം നടത്തി, സർക്കാർ ഭൂമികൾ തിരിച്ചുപിടിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; | (ബി) റവന്യൂ-പോലീസ്-സർവേ സംയുക്ത ടീമിനെ നിയോഗിച്ച് വൻകിട തോട്ടം ഉൾപ്പെടെ കയ്യേറിയത് കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | മൂന്നാറിൽ ഒരു എം.എൽ.എ. യുടെ വീട് ഇരിയ്ക്കുന്ന ഭൂമിയുടെ പട്ടയം വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ഇതിനെതിരെ ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ഉള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) മൂന്നാറിലെ വ്യാജ പട്ടയങ്ങളെക്കുറിച്ച് അന്വേഷിച്ച ADGP (Crime Branch, CID), ശ്രീ. എസ്. രാജേന്ദ്രൻ MLA യുടെ പേരിലുള്ള ഭൂമിയുടെ പട്ടയം വ്യാജമാണെന്ന് കണ്ടെത്തിയിരുന്നു. ആയത് പ്രകാരം ഇടുക്കി ജില്ലാ കളക്ടർ ശ്രീ.രാജേന്ദ്രന്റെ പട്ടയരേഖകളിൽ തെറ്റായി രേഖപ്പെടുത്തിയ പട്ടയ നമ്പർ തിരുത്തിക്കിട്ടണമെന്ന അപേക്ഷ നമ്പർ C4/45257/10 തീയതി 29.10.2011 പ്രകാരം തള്ളിയിട്ടുള്ളതുമാണ്. ഇതിനെതിരെ ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ പെറ്റിഷൻ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ No.LR.J3/53305/11 dated 5/1/2015 പ്രകാരം നിരസിച്ചിട്ടുള്ളതാണ്.<br>"ലാന്റ് റവന്യൂ കമ്മീഷണറുടെ 5.1.15 ലെ എൽ.ആർ.ജെ 53305/11 നമ്പർ ഉത്തരവിനെ ചോദ്യം |

| | | |
|---|---|---|
| | | ചെയ്ത് ശ്രീ. എസ്.രാജേന്ദ്രൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഡബ്ല്യു പി (സി) 7296/15 നമ്പർ കേസിൽ താൽക്കാലിക സ്റ്റേ അനുവദിച്ചിട്ടുള്ളതുമാണ്". |
| (ഡി) | ഒരു നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മൂന്നാറിൽ സർക്കാർ ഭൂമി കയ്യേറിയവരെ കണ്ടുപിടിച്ച് ഒഴിപ്പിയ്ക്കാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ; വിശദമാക്കാമോ? | (ഡി) റവന്യൂ-പോലീസ്-സർവേ സംയുക്ത ടീമിനെ നിയോഗിച്ച് വൻകിട തോട്ടം ഉൾപ്പടെ കയ്യേറിയത് കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ